Page 1 of 2

LIBRARY ARCHIVES Kerala Legislative Assembly

(ബി) വൃക്ക-കരൾ മാറ്റിവയ്ക്കൽ ശസ്ത്രക്രിയകൾ, ക്യാൻസർ ചികിത്സ, ഹൃദയ സംബന്ധമായ രോഗങ്ങൾ തുടങ്ങി പണച്ചെലവ് ഏറെ വഹിക്കേണ്ടി വരുന്ന രോഗികൾക്ക് പ്രസ്തുത ചികിത്സയ്ക്കാവശ്യമായ മുഴുവൻ തുകയും നൽകുന്നതിന് പദ്ധതികളുണ്ടോ; ഉണ്ടെങ്കിൽ വിശദമാക്കാമോ?

(എ&ബി) മാരകമായ രോഗങ്ങൾ ബാധിച്ചവരും അത്യാഹിതങ്ങളിൽപ്പെട്ടവരുമായ ഒരു ലക്ഷം രൂപയിൽതാഴെ വാർഷിക വരുമാനമുള്ള പട്ടികജാതി വിഭാഗത്തിൽപ്പെട്ടവർക്ക് ആരോഗ്യ സുരക്ഷാ പദ്ധതി പ്രകാരം വകുപ്പിൽനിന്നും 50,000 രൂപ വരെ ചികിത്സാ ധനസഹായം അനുവദിക്കുന്നു. കൂടാതെ ഹൃദയശസ്ത്രക്രിയ, ക്യാൻസർ, കിഡ്നി തകരാർ മുതലായ ഗുരുതരമായ രോഗങ്ങൾക്ക് പരമാവധി ഒരു ലക്ഷം രൂപവരെ ആശുപത്രി മുഖാന്തരം അനുവദിച്ചുവരുന്നുണ്ട്. പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവരുടെ വൃക്കമാറ്റിവയ്ക്കൽ, ഡയാലിസിസ്, ബ്രെയിൻ ട്യൂമർ, പക്ഷാഘാതം, ഹീമോഫീലിയ തുടങ്ങിയ മാരകരോഗങ്ങളുടെ ചികിത്സയ്ക്കായി ഒരു ലക്ഷം രൂപവരെ ധനസഹായം ബന്ധപ്പെട്ട ആശുപത്രിക്ക് നൽകിവരുന്നു. ടി വിഭാഗക്കാരുടെ ആരോഗ്യ സംരക്ഷണത്തിനായി നടപ്പിലാക്കിവരുന്ന പദ്ധതികൾ അനുബന്ധമായി* ചേർത്തിട്ടുണ്ട്.

(സി) പതിനെട്ട് വയസ്സിന് താഴെയുള്ള ഈ വിഭാഗങ്ങളിൽപ്പെട്ട കുട്ടികൾക്ക് ചികിത്സാ സഹായത്തിനായുള്ള പ്രത്യേക പദ്ധതികൾ ഏതൊക്കെയെന്ന് വിശദമാക്കുമോ?

പട്ടികജാതി വിഭാഗത്തിൽപ്പെട്ട 18 വയസ്സിന് താഴെയുള്ള കുട്ടികൾക്ക് ചികിത്സാ ധനസഹായ പദ്ധതിയിൽനിന്നും ധനസഹായം അനുവദിക്കുന്നുണ്ട്. ഇതിനായി പ്രത്യേക പദ്ധതിയൊന്നും നിലവിലില്ല. 18 വയസ്സിൽ താഴെയുള്ള പട്ടികവർഗ്ഗക്കാർക്കായി പ്രത്യേക പദ്ധതികൾ ആവിഷ്കരിച്ചിട്ടില്ല. ടി വിഭാഗത്തിൽപ്പെട്ടവരുടെ ആരോഗ്യ സംരക്ഷണത്തിനായുള്ള എല്ലാ പദ്ധതികളും പ്രായഭേദമെന്യേ നടപ്പിലാക്കിവരുന്നു.

ടൈബൽ പ്ലസ് പദ്ധതി

87(2123) ശ്രീ. പി. ഉബൈദുള്ള: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ ക്ഷേമ - ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികവർഗ്ഗ ക്ഷേമ വകുപ്പ് ആദിവാസികൾക്കായി നടപ്പാക്കിവരുന്ന ടൈബൽ പ്ലസ് പദ്ധതിയിൽ വിതരണം ചെയ്യുവാനുള്ള വേതന കുടിശ്ശികയുടെ വിശദാംശം നൽകുമോ?

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

LIBRARY ARCHIVES Kerala Legislative Assembly

മഹാത്മാഗാന്ധി ദേശീയ തൊഴിലുറപ്പ് പദ്ധതിയിലെ ടൈബൽ പ്ലസ് പദ്ധതിയിൽ 2020-21 വർഷത്തിലെ കൂടിശ്ശിക ഇനത്തിൽ 17.11 കോടി രൂപ അനുവദിക്കാനുണ്ടായിരുന്നു. 2021-22 സാമ്പത്തിക വർഷം തൊഴിലുറപ്പ് പദ്ധതിക്കായി അനുവദിക്കുന്ന ശീർഷകത്തിൽനിന്നും 6-5-21-ന് 5.00 കോടി രൂപ തൊഴിലുറപ്പ് മിഷൻ ഡയറക്ടർക്ക് അനുവദിച്ചു. ശേഷിക്കുന്ന 12.11 കോടി രൂപയിൽ 9 കോടി രൂപ അനുവദിച്ചുകൊണ്ട് 12-7-2021-ന് പട്ടികവർഗ്ഗ വികസന വകുപ്പ് ഡയറക്ടർ ഉത്തരവായി. ശേഷിക്കുന്ന 3.11 കോടി രൂപ ധനവിനിയോഗ നിയന്ത്രണമുള്ളതിനാൽ 2021 ജൂലൈ 31-നുശേഷം മാറി നൽകുന്നതാണ്.

(ബി) വേതനം സമയബന്ധിതമായി വിതരണം ചെയ്യാത്തതുമൂലം തൊഴിലുറപ്പ് പദ്ധതിയിൽനിന്നും ആദിവാസികൾ പിന്മാറുന്ന സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ 100 ദിവസം തൊഴിൽ നൽകുന്നതിനുപുറമെ സംസ്ഥാന സർക്കാർ പട്ടികവർഗ്ഗക്കാർക്ക് ടൈബൽ പ്ലസ് പദ്ധതിയിലൂടെ 100 ദിവസം തൊഴിൽ നൽകുന്നുണ്ട്.

(സി) എങ്കിൽ എത്രയും വേഗം കൂടിശ്ശിക വിതരണം ചെയ്യുവാൻ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

ടൈബൽ പ്ലസ് പദ്ധതി നടപ്പിലാക്കുന്നതിനാവശ്യമായ അധിക തുക അനുവദിക്കുന്നത് സംബന്ധിച്ച വിഷയം പരിശോധിച്ചുവരുന്നു.

ഗദ്ദിക പദ്ധതി

88(2124) ശ്രീ. റോജി എം. ജോൺ: താഴെ കാണുന്ന ചോദ്യത്തിന് പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ ക്ഷേമ - ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പട്ടികജാതി വിഭാഗങ്ങളിലെ സംരംഭകരുടെ ഉത്പന്നങ്ങൾ ഓൺലൈൻ പോർട്ടൽ മുഖേന വിറ്റഴിക്കുന്ന ഗദ്ദിക പദ്ധതിയുടെ പുരോഗതി വിലയിരുത്തിയിട്ടുണ്ടോ; വ്യക്തമാക്കുമോ?